ഭവന നിർമ്മാണ പദ്ധതികൾ

141(2130) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബല ജനവിഭാഗങ്ങൾക്ക് സ്വന്തമായി വീട് നിർമ്മിക്കാൻ ഭവന നിർമ്മാണ ബോർഡ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി പ്രകാരം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദുർബല ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കാൻ ഭവന നിർമ്മാണ ബോർഡ് മുഖേന ഗൃഹശ്രീ ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി എന്നീ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഗൃഹശ്രീ ഭവന പദ്ധതിക്കായി 2013-14 വർഷത്തിൽ അനുവദിച്ച 10.50 കോടി രൂപ വിനിയോഗിച്ച് 525 ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സാഫല്യം ഭവന പദ്ധതിക്കായി ഇതുവരെ 288.24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

മദ്രാസ് ഐ.ഐ.ടി.-യുടെ ചെലവുകുറഞ്ഞ ഗൃഹനിർമ്മാണ മാതൃക

142(T2131) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രാസ് ഐ.ഐ.ടി. രൂപകൽപ്പന ചെയ്ത ചെലവുകുറഞ്ഞ ഗൃഹനിർമ്മാണ മാതൃക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം മാതൃകകൾ നടപ്പിലാക്കാൻ മുൻകൈയെടുക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വില വർദ്ധനവും കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ കുറവും വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണ ചെലവ് ദിനംപ്രതി വർദ്ധിച്ചുവരുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി GFRG (Glass Fibre re-inforced Gypsum) പാനൽ ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന പദ്ധതികൾക്കും പ്രയോജനപ്പെടുത്തുന്നതിന്റെ തുടക്കമായി ബോർഡ് നടപ്പിലാക്കിവരുന്ന ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിക്ക് ഈ വിദ്യ നടപ്പിലാക്കുന്നുണ്ട്. ഇനി തുടങ്ങുന്ന പദ്ധതികളിലും ഇതിന്റെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ഇത്തരം നിർമ്മാണരീതി അവലംബിക്കുന്നതാണ്.

സങ്കേതം ഭവന പദ്ധതി

143(2132) ശ്രീ. പി. എ. മാധവൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. പാലോട് രവി :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സങ്കേതം ഭവന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) വരുമാനം കുറഞ്ഞവർക്കായി, സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly